4/12/2020
FRIDAY

# MALAYALAM
## (Adisthana Padavali)

STD- X
class- 21

1) "രണ്ട് അയൽപക്ക കുടുംബങ്ങൾ തമ്മിലുള്ള കലഹങ്ങൾക്കപ്പുറം സമ്പത്തിന്റെയും മൂല്യങ്ങളുടെയും സംഘർഷമാണ് കോഴിയും കിഴവിയും എന്ന കഥ പറയുന്നത്".

ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥയുടെ പ്രമേയം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

Ans) അയൽക്കാരായ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള നിസ്സാരപ്രശ്നം പരിഹരിക്കാൻ കഴിയാത്തത് ഗുരുതരമായ വഴക്കിൽ കലാശിക്കുന്നതാണ് ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടി കലർത്തി 'കോഴിയും കിഴവിയും' എന്ന കഥയിൽ കാരൂർ അവതരിപ്പിക്കുന്നത്.

മത്തായിയുടെ വീട്ടിലെ കോഴിയെ മർക്കോസിന്റെ മകൻ കല്ലെടുത്തെറിഞ്ഞു. അബദ്ധത്തിൽ കോഴി ചത്തു. ആ സ്വാദുള്ള ശവം പറമ്പിനരികിൽ കിടന്നു എന്നാണ് ചത്തകോഴി കയ്യാലയ്ക്കൽ കിടക്കുന്നതിനെക്കുറിച്ച് കാരൂർ പറയുന്നത്. അതുപോലെ വളർത്തിയ കോഴിയെ കൊല്ലുമ്പോൾ കണ്ണു നിറയാത്തത് കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്, ഇറച്ചിക്കറിയുടെ രുചി ഓർത്തിട്ടാണ് എന്നു പറയുമ്പോൾ മനുഷ്യമനസ്സിലെ കാപട്യം പരിഹാസരൂപേണ ആവിഷ്കരിക്കുന്നു കഥാകൃത്ത്.

ചത്ത കോഴി അഴിച്ചു വിട്ട വിപ്ലവം മർക്കോസിന്റെയും മത്തായിയുടെയും കുടുംബങ്ങൾ തമ്മിലുള്ള വലിയ വഴക്കിന് കാരണമായി. ആ രാത്രി അത് മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു എന്നാണ് കോഴിപ്രശ്നവുമായി ബന്ധപ്പെടുത്തി മർക്കോസിനെ എങ്ങനെ കുടുക്കാം എന്ന് മത്തായി ചിന്തിക്കുന്നതിനെക്കുറിച്ച് കാരൂർ പറയുന്നത്. ഇത്തരം ചികയലും മാന്തലും കൊത്തിപ്പെറുക്കലുകളുമാണ് പല പ്രശ്നങ്ങൾക്കും കാരണം എന്ന് കഥാകൃത്ത് ഓർമിപ്പിക്കുന്നു,

മർക്കോസിന്റെ വീട്ടിൽ പെൺസന്തതികൾ പെരുകിയതിനെക്കുറിച്ച് അവിടെ മൂപ്പരും മൂപ്പത്തിയും തമ്മിൽ ഒരു കാര്യത്തിൽ ഭിന്നിപ്പുണ്ടായിരുന്നു. ആൺപിള്ളേരെ പെറണമെന്ന് മൂപ്പര്. പെൺപിള്ളേരെ മാത്രമേ പെറുകയുള്ളൂ എന്ന് മൂപ്പത്തിയാരും എന്ന കഥാഭാഗവും നർമ്മം വിതറുന്നതാണ്.

പ്രപഞ്ചത്തിലുള്ള വസ്തുക്കളിൽ എന്റേത് എന്ന അധികാരഭാവവും അവയിലൊന്നും അന്യരുടേതാവരുത് എന്ന ശാഠ്യവുമാണ് കുടുംബബന്ധങ്ങളിലും അയൽപക്കബന്ധങ്ങളിലും സാമൂഹികബന്ധങ്ങളിലും വിള്ളലുകൾ ഉണ്ടാക്കുന്നതും ജീവിതം നരകതുല്യമാക്കുന്നതും. ഈയൊരു യാഥാർത്ഥ്യം നർമത്തിന്റെ മേമ്പൊടി കലർത്തി അവതരിപ്പിക്കുകയാണ് കോഴിയും കിഴവിയും എന്ന കഥയിൽ കാരൂർ.